**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 107** **01-02-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം നിക്ഷേപ സാധ്യതകൾ പരിചയപ്പെടുത്താനും നിക്ഷേപങ്ങൾ ആകർഷിക്കാനുമായി ടൂറിസം വകുപ്പ് സംഘടിപ്പിച്ച ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ അനുഭവങ്ങളും ഭാവിസാധ്യതകളും വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ടൂറിസം മേഖലയുടെ വളർച്ചയിൽ കുതിച്ചുചാട്ടം ലക്ഷ്യമിട്ടാണ് ആദ്യമായി വകുപ്പിന്റെ നേതൃത്വത്തിൽ നിക്ഷേപക സംഗമം സംഘടിപ്പിച്ചത്. 2023 നവംബർ 16 തിരുവനന്തപുരത്ത് വെച്ച് സംഘടിപ്പിക്കപ്പെട്ട ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന് ആവേശകരമായ പ്രതികരണമാണ് നിക്ഷേപകരുടെ ഭാഗത്ത് നിന്ന് ലഭിച്ചത്. നിക്ഷേപക സംഗമത്തിന്റെ ഭാഗമായി 23 സർക്കാർ പദ്ധതികളും 52 സ്വകാര്യ പദ്ധതികളും അവതരിപ്പിക്കപ്പെട്ടു. ടൂറിസം വകുപ്പ് അവതരിപ്പിച്ച 23 പദ്ധതികൾക്ക് പുറമേ 16 പദ്ധതികൾ കൂടി നിക്ഷേപക സംഗമത്തിൽ ലഭിച്ചു. ഇത്തരത്തിൽ 39 പദ്ധതികൾക്കായി 2511.10 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു. പരിപാടിയിൽ അവതരിപ്പിക്കപ്പെട്ട 52 സ്വകാര്യ പദ്ധതികൾക്ക് പുറമേ സ്വകാര്യ മേഖലയിലെ 21 പദ്ധതികൾക്ക് കൂടി നിക്ഷേപവാഗ്ദാനം ലഭ്യമായി. സ്വകാര്യ മേഖലയിലെ പദ്ധതികൾക്കായി 12605.55 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് പരിപാടിയുടെ ഭാഗമായി ലഭ്യമായിട്ടുള്ളത്. ഒരു സ്റ്റാർട്ടപ്പ് പദ്ധതിക്കായി 10 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനവും പരിപാടിയുടെ ഭാഗമായി ലഭ്യമായിട്ടുണ്ട്. ആകെ 15,126.65 കോടി രൂപയുടെ നിക്ഷേപവാഗ്ദാനങ്ങളാണ് നിക്ഷേപക സംഗമത്തിൽ ലഭ്യമായിട്ടുള്ളത്. 250 കോടി രൂപയുടെ പദ്ധതിക്കുള്ള ധാരണപത്രത്തിലും ഒപ്പുവെച്ചു.<br><br>ടൂറിസം നിക്ഷേപക സംഗമത്തിന്റെ തുടർച്ചയായി നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ വിനോദസഞ്ചാരവകുപ്പ് സ്വീകരിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| | | | ടൂറിസം നിക്ഷേപക മീറ്റിൽ വിവിധ മേഖലകളിലുള്ള നിക്ഷേപങ്ങൾ സംബന്ധിച്ചുള്ള വാഗ്ദാനങ്ങൾ ലഭ്യമായിട്ടുണ്ട്. ഹോട്ടലുകൾ, റിസോർട്ടുകൾ മുതലായവ അടങ്ങിയ ഹോസ്പിറ്റാലിറ്റി മേഖല, സസ്റ്റെയ്നബിൾ/ഫാം/അഗ്രികൾച്ചർ ടൂറിസം മേഖല, റിക്രിയേഷണൽ/എന്റർട്ടേയിൻമെന്റ് ടൂറിസം, കാരവൻ ടൂറിസം, MICE ടൂറിസം, വെൽനസ്സ് ടൂറിസം, എക്സ്പീരിയൻസ് ടൂറിസം തുടങ്ങിയ മേഖലകളിലും നിക്ഷേപ വാഗ്ദാനങ്ങൾ ലഭ്യമായിട്ടുണ്ട്. |
| (ബി) | ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് വഴി ഈ രംഗത്ത് വാഗ്ദാനം ചെയ്യപ്പെട്ട നിക്ഷേപ സാധ്യതകൾ, മറ്റ് വാഗ്ദാനങ്ങൾ എന്നിവ വിശദമാക്കാമോ; ഇതിനോടനുബന്ധിച്ച് ഏതെങ്കിലും പദ്ധതികളിൽ എം.ഒ.യു. ഒപ്പുവയ്ക്കാൻ സാധ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ വിവിധ മേഖലകളിലുള്ള നിക്ഷേപങ്ങൾ സംബന്ധിച്ച വാഗ്ദാനങ്ങൾ ലഭ്യമായിട്ടുണ്ട്. ഹോട്ടലുകൾ, റിസോർട്ടുകൾ മുതലായവ അടങ്ങിയ ഹോസ്പിറ്റാലിറ്റി മേഖല, സസ്റ്റെയ്നബിൾ ഫാം/അഗ്രിക്കൾച്ചർ ടൂറിസം മേഖല, റിക്രിയേഷണൽ /എന്റർട്ടേയിൻമെന്റ് ടൂറിസം, കാരവൻ ടൂറിസം, MICE ടൂറിസം, ഹെലിടൂറിസം, സ്പോർട്സ്, ക്രൂയിസ്/യാട്ട് ടൂറിസം, വെൽനെസ്സ് ടൂറിസം, ഫിലിം ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം തുടങ്ങി വിവിധ മേഖലകളിലും നിക്ഷേപ വാഗ്ദാനങ്ങൾ ലഭ്യമായിട്ടുണ്ട്.<br><br>ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ വെച്ച് താമര ലിഷർ എക്സ്പീരിയൻസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 250 കോടി രൂപയുടെ ധാരണാപത്രത്തിൽ ഒപ്പുവെക്കുവാൻ സാധിച്ചിട്ടുണ്ട്. ആലപ്പുഴ, മുഹമ്മയിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ലക്ഷ്വറി റിസോർട്ട്, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപത്തായി വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്വറി ഹോട്ടൽ എന്നീ പദ്ധതികൾക്കായാണ് ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്. |
| (സി) | നിക്ഷേപകർക്ക് സൗകര്യമൊരുക്കാൻ ഫെസിലിറ്റേഷൻ സെന്ററും സെക്രട്ടറിതല ഏകോപന സമിതിയും രൂപീകരിച്ചിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | 16.01.24 ലെ സ.ഉ (സാധാ) നം. 21/2024/TSM ഉത്തരവ് പ്രകാരം ടൂറിസം ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ (ജനറൽ) കൺവീനറായും, അഡീഷണൽ സെക്രട്ടറി (ടൂറിസം), മാനേജിംഗ് ഡയറക്ടർ (കെ.ടി.ഐ.എൽ), അഡീഷണൽ ഡയറക്ടർ (ഹോസ്പിറ്റാലിറ്റി), തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർമാർ, പ്ലാനിംഗ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) എന്നിവർ അംഗങ്ങളുമായുള്ള ഒരു ടെമ്പററി ഫെസിലിറ്റേഷൻ സെന്റർ രൂപീകരിച്ചിട്ടുണ്ട്. ഒരു സ്ഥിരം ഫെസിലിറ്റേഷൻ സെന്ററിനുള്ള പ്രവർത്തനം അന്തിമഘട്ടത്തിലാണ്. സെക്രട്ടറിതല ഏകോപന സമിതി രൂപീകരിക്കുവാനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ